ൻറെ ആവശ്യപ്പെട്ട. അതു അംഗീകരിക്കുകയുണ്ടായി. എറണാകുളത്തു നിന്നും മുനിസിപ്പൽ കമ്മീഷണറെ തിരഞ്ഞെടുക്കുന്നുണ്ട്. അതുകൊണ്ട് പോർട്ട് കൊച്ചിയിലേയും മട്ടാഞ്ചേരിയിലേയും പ്രതിനിധികളെ തിരഞ്ഞെടുത്തു ടേം ബൈ ടേം ആയി വയ്ക്കാനാണ് നിശ്ചയിച്ചിരിക്കുന്നതു്. അതു ഗവണ്മെൻറ് അംഗീകരിച്ചതിൻറെ ഫലമായി നടപ്പിലാക്കിയിരിക്കുകയാണ്.

മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ.

*745. [22] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്നുകൾ വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ എന്തെല്ലാമാണു്;

(ബി) ഡിസ്പെൻസറികളിലേക്കു മരുന്നു കൊണ്ടുപോകുന്നതിനുള്ള ചെലവു് അനുവദിച്ചുകൊടുക്കുന്നുണ്ടോ;

(സി) കൊല്ലം ഡിസ്ട്രിക്ടിലുള്ള അച്ചൻകോവിൽ ഡിസ്പെൻസറിയിൽ ആ ഡിസ്പെൻസറി ഉൽഘാടനം ചെയ്തതിൽപ്പിന്നീടു് ഒരിക്കലും മരുന്നു് ലഭിച്ചിട്ടില്ല എന്ന വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതേപ്പറ്റി അന്വേഷിച്ചു് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ദയവുണ്ടാകുമോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ)

(എ) സംസ്ഥാനത്തെ ഗവണ്മെൻറു് ആയുർവ്വേദ ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്നുകൾ വിതരണം ചെയ്യുന്നതു് തൃശ്ശൂർ എസ്. കെ. വി. എ. സഹകരണ ഫാർമസിയിൽ നിന്നുമാണു്. ഓരോ റവന്യൂഡിസ്ട്രിക്ടിലുമുള്ള ടി ഫാർമസിയുടെ സബ്ഡിപ്പോകളിൽനിന്നും ഫിസിഷ്യന്മാർ മരുന്നുകൾ ഏറ്റു വാങ്ങുന്നു.

(ബി) ഉണ്ടു്.

(സി) അച്ചൻകോവിൽ ഡിസ്പെൻസറിയുടെ ഉൽഘാടനാവസരത്തിൽ സപ്ലൈചെയ്ത മരുന്നുകളുടെ സ്റ്റാക്കു് ഇപ്പോഴും തീർന്നിട്ടില്ലായെന്നാണു് അന്വേഷണത്തിൽനിന്നും ഗവണ്മെൻറു് അറിയുന്നതു്.

(ഡി) മരുന്നുകൾ വീണ്ടും ആവശ്യാനുസരണം സപ്ലൈ ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്.

ശ്രീ. കെ. കൃഷ്ണപിള്ള: ഉൽഘാടനം ചെയ്തതു് രണ്ടുമൂന്നു കൊല്ലം മുമ്പാണു്. ഞാൻ നേരിട്ടു ചെന്നന്വേഷിച്ചപ്പോൾ മരുന്നില്ല എന്നാണറിഞ്ഞതു്. കൊല്ലത്തുനിന്നും ചെങ്കോട്ടയിൽ എത്തി അവിടെനിന്നും രണ്ടുമൂന്നു മൈൽ സഞ്ചരിച്ചിട്ടുവേണം ഈ മരുന്നുകൾ ഈ ഡിസ്പെൻസറിയിൽ എത്തുവാൻ. ഇങ്ങനെ കൂടുതൽ സഞ്ചരിക്കുന്നതിനുള്ള കൂടുതൽ ചെലവു ഗവണ്മെൻറിൽനിന്നും കൊടുക്കുന്നതിനു വേണ്ടി ഏർപ്പാടു ചെയ്യുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഡിസ്പെൻസറി ഉൽഘാടനം ചെയ്തതു് 1962 ലാണു്. എന്തെങ്കിലും വിധത്തിലുള്ള ഷോർട്ടേജ് അവിടെ ഉണ്ടായിട്ടുണ്ടെന്നു എനിക്കു ബോദ്ധ്യമായിട്ടില്ല. ഉണ്ടെങ്കിൽതന്നെയും സബ്ഡിപ്പോകളിൽ നിന്നും വാങ്ങാൻ കഴിയുന്നതാണു്.

ശ്രീ. ടി. കൃഷ്ണൻ: 1964—ൽ പുതുതായി രൂപം പ്രാപിച്ചിട്ടുള്ള പഞ്ചായത്തു് ആയുർവ്വേദ ആശുപത്രികളും ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും പുതിയ ആശുപത്രികളും ഉണ്ടാക്കാൻ പോകുന്നതായി പത്രത്തിൽ കാണുകയുണ്ടായി. അതിനുള്ള സ്ഥലവും കെട്ടിടവും എങ്ങനെയാണു് കിട്ടുക?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അങ്ങനെയൊരു വാർത്ത ഞാൻ കണ്ടിട്ടില്ല. ആറു ഡിസ്പെൻസറികളും ഈ വർഷം തുടങ്ങണമെന്നാണു് ഉദ്ദേശം. എല്ലാ പഞ്ചായത്തിലും ഉടനടി സ്ഥാപനങ്ങൾ തുറക്കുക സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എം. നാരായണക്കുറുപ്പ്: സഹകരണ സംഘങ്ങളിൽ മരുന്നു വിതരണം ചെയ്യുന്നതും അന്വേഷണം ചെയ്ത ആളും ഒരാളായതുകൊണ്ട് മരുന്നിന്റെ വിതരണത്തിൽ ചില പിശകുകൾ ഉണ്ടെന്നും അതു പരിശോധിക്കണമെന്നും മുമ്പൊരവസരത്തിൽ മന്ത്രിയോട് അപേക്ഷിച്ചിരുന്നതാണ്. അതു പരിശോധിക്കാമെന്ന മറുപടിയും നൽകി. ഇപ്പോൾ അതിന്റെ നില എന്താണ്. വേറെവേറെ ആളുകളെ ഇതിലേക്ക് നിയമിച്ചിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഈ മാതിരി കാര്യങ്ങൾ അന്വേഷിക്കുന്നതു് വൈദ്യന്മാർ തിരഞ്ഞെടുത്തു അയക്കുന്ന ഒരു ബോർഡാണ്. ഇങ്ങനെയൊരു പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പുതിയ ബോർഡ് നിലവിൽ വന്നതോടുകൂടി ആ ബുദ്ധിമുട്ട് ഇല്ല എന്നാണ് മനസ്സിലാക്കുന്നതു്.

ശ്രീ. എൻ. ഭാസ്കരൻ നായർ: ആയുർവ്വേദ ആശുപത്രികളിൽ കഷായം തുടങ്ങിയവ നിർമ്മിക്കുന്നതിനു പ്രത്യേക അനുവാദം നൽകിയിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: കഷായചൂർണ്ണം ആണ് നൽകുന്നതു്. അതു ചിലപ്പോൾ ആശുപത്രികളിൽ വച്ചു കഷായം വയ്ക്കേണ്ടതായി വന്നേക്കാം.

വിജിലൻസ് കമ്മീഷൻ നിയമനം.

* 746. [23] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിജിലൻസ് കമ്മീഷന്റെ മാതൃകയിൽ ഈ സംസ്ഥാനത്തു് ഒരു വിജിലൻസ് കമ്മീഷനെ നിയമിക്കുന്നതിനു ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴേക്ക് നിയമനം നടത്തും?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഈ കാര്യം ആലോചിക്കുന്നുണ്ട്,

(ബി) നിശ്ചയിച്ചിട്ടില്ല.

മണ്ണൊലിപ്പുമൂലം അണക്കെട്ടുകളിൽ ഉണ്ടായ ചെറുതുരുത്തുകൾ.

* 747. [24] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണൊലിപ്പിന്റെ ഫലമായി ഏതെല്ലാം അണക്കെട്ടുകളിൽ മണ്ണുവീണു ചെറുതുരുത്തുകൾ രൂപം കൊണ്ടിട്ടുണ്ട്;

(ബി) പീച്ചിയിൽ അങ്ങനെവല്ല തുരുത്തും രൂപം കൊണ്ടതായും അവിടെ നാട്ടുകാർ കൃഷി നടത്തുന്നതായും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലമ്പുഴയിലും മണ്ണൊലിപ്പുനിമിത്തം ഇത്തരം വിഷമതകൾ ഉണ്ടാകാതെ മണ്ണൊലിപ്പു തടയാൻ ഗവണ്മെന്റ് വല്ല പരിപാടിയും എടുത്തു വരുന്നുണ്ടോ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) മണ്ണൊലിപ്പിന്റെ ഫലമായി അണക്കെട്ടുകളിൽ മണ്ണുവീണു ചെറുതുരുത്തുകൾ ഗണ്യമായ തോതിൽ ഉണ്ടായിട്ടുള്ളതായി അറിവില്ല.

(ബി) പീച്ചിയിൽ അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly